വിദേശികളും മറ്റ് സംസ്ഥാനക്കാരും കേരളത്തിന്റെ തീരക്കടലിലും ഉൾക്കടലിലും മത്സ്യബന്ധനം നടത്തുന്നത് തടയാൻ നടപടി

5 (*332) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരക്കടലിലും ഉൾക്കടലിലും ഏതെല്ലാം വിദേശികളും മറ്റ് സംസ്ഥാനക്കാരും മത്സ്യബന്ധനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിദേശികളും മറ്റ് സംസ്ഥാനക്കാരും കേരളത്തിന്റെ തീരക്കടലിലും ഉൾക്കടലിലും മത്സ്യബന്ധനം നടത്തുന്നത് സംഘർഷത്തിന് ഇടയാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു ;

(ഡി) നമ്മുടെ രാജ്യത്തിന്റെ ടെറിട്ടോറിയൽ വാട്ടേഴ്സിന്റെ പരിധി എത്രയാണ് ;

(ഇ) ഈ പരിധിക്കുള്ളിൽ മത്സ്യബന്ധനം നടത്തുന്ന വിദേശികളുടെ മത്സ്യബന്ധന സംവിധാനം പിടിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിനുള്ള സംവിധാനം എന്തെന്ന് വിശദീകരിക്കാമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ വിദേശികൾ മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ നമ്മുടെ മത്സ്യബന്ധന തുറമുഖങ്ങൾ കേന്ദ്രമാക്കി മത്സ്യബന്ധനം നടത്തുന്നുണ്ട്.

(ബി) വിദേശികൾ കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരുമായി ഇടയ്ക്ക് സംഘർഷമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളി പ്രതിനിധികളുമായും ഫിഷറീസ് വകുപ്പും, ജില്ലാ ഭരണകൂടവുമായും ചർച്ച ചെയ്ത് രമ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) തീരത്തുനിന്നു 12 നോട്ടിക്കൽ മൈൽ-ഏതാണ്ട് 22 കിലോമീറ്റർ ദൂരം.

(ഇ) ഈ പരിധിക്കുള്ളിൽ വിദേശികൾ മത്സ്യബന്ധനം നടത്തുന്നില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly